# കേരള സർവകലാശാല

നം. പി.ആർ.255/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.കോം ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ്

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എം.കോം വിദ്യാർത്ഥികളുടെ (2016 അഡ്മിഷൻ) ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റുകൾ വകുപ്പദ്ധ്യക്ഷന്റേയും, പ്രിൻസിപ്പലിന്റേയും ഒപ്പോടുകൂടി ഓരോ കോളേജും ഡിസംബർ അഞ്ചിന് മുൻപ് യൂണിവേഴ്സിറ്റിയിൽ നൽകേണ്ടതാണ്.

## ബി.ബി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം ഡിസംബർ 20 നും ജനുവരി നാലിനും യഥാക്രമം ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.ബി.എ (2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

## ബി.എ/ബി.എസ്സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.എസ്സ്.ഡബ്ല്യൂ/ബി.പി.എ/ബിവോക് ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ ഒന്നു മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ/ബി.എസ്സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.എസ്സ്.ഡബ്ല്യൂ/ബി.പി.എ/ബിവോക് കോഴ്സുകളുടെ ടൈംടേബിൾ(ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ള്യൂ/എം.പി.എ/എം.റ്റി.എ പരീക്ഷകൾ

കേരള സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ള്യൂ/എം.പി.എ/എം.റ്റി.എ പരീക്ഷകൾ ജനുവരി 12 ന് ആരംഭിക്കും പിഴ കൂടാതെ നവംബർ 29 (50 രൂപ പിഴയോടെ ഡിസംബർ ഒന്ന്, 125 രൂപ പിഴയോടെ ഡിസംബർ അഞ്ച്) വരെയും ഫീസടയ്ക്കാവുന്നതാണ്. വിശദവിവരങ്ങൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## എം.എ/എം.എസ്സി/മേഴ്സി ചാൻസ് പരീക്ഷകൾ

കേരള സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.എ/എം.എസ്സി/മേഴ്സി ചാൻസ് പരീക്ഷകൾ ജനുവരി 12 ന് ആരംഭിക്കും. ഓഫ്ലൈൻ അപേക്ഷകൾ പിഴകൂടാതെ ഡിസംബർ ഒന്ന് (50 രൂപ പിഴയോടെ ഡിസംബർ അഞ്ച്, 125 രൂപ പിഴയോടെ ഡിസംബർ ഏഴ്) വരെയും ഫീസടയ്ക്കാവുന്നതാണ്. വിശദവിവരങ്ങൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.പി.എ പ്രാക്ടിക്കൽ പരീക്ഷകൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 27 മുതൽ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.ടെക് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) (യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്, കാര്യവട്ടം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ എട്ട്. കരട് മാർക്ക് ലിസ്റ്റ് (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.പി.എഡ് പരീക്ഷ

കേരള സർവകലാശാല ഡിസംബർ 13 ന് ആരംഭിക്കുന്ന ഒന്ന്, മൂന്ന് സെമസ്റ്റർ (സപ്ലിമെന്ററി) ബാച്ച്ലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) പരീക്ഷയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി പിഴയില്ലാതെ നവംബർ 30 (50 രൂപ പിഴയോടെ ഡിസംബർ അഞ്ച്, 125 രൂപ പിഴയോടെ ഡിസംബർ ഏഴ്) വരെയും സമർപ്പിക്കാം. വിശദവിവരങ്ങൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

തിരുവനന്തപുരം.
23.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098